## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2323 — 09.03.2018 ന് മറുപടിയ്ക്ക്.

### വന്യമൃഗ ആക്രമണം ഒഴിവാക്കുവാനും വന്യജീവി സംരക്ഷണത്തിനും നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുവാനും, വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുവാനും ആയി വനം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വന്യജീവി സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>• വംശനാശം നേരിടുന്ന വന്യജീവിയായ വരയാടിനേയും, അതിന്റെ ആവാസ വ്യവസ്ഥയുടേയും സംരക്ഷണാർത്ഥം ഇരവികുളം ദേശീയോദ്യാനവും, ദേശീയ പക്ഷിയായ മയിലിന്റെ സംരക്ഷണാർത്ഥം ചൂലന്നൂർ മയിൽ സങ്കേതവും സ്ഥാപിച്ചിട്ടുണ്ട്.<br>• ദേശാടന പക്ഷികളുടെ സംരക്ഷണത്തിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് കണ്ടൽക്കാടുകൾ നിറഞ്ഞ പ്രദേശത്ത് മംഗളവനം പക്ഷി സങ്കേതം രൂപീകരിച്ച് പരിപാലിച്ചു വരുന്നു.<br>• വന്യജീവി പ്രാധാന്യം ഏറെ അർഹിക്കുന്ന കടുവകളുടെ സംരക്ഷണത്തിനായി ദേശീയ കടുവാ സംരക്ഷണ പദ്ധതിയുടെ ധനസഹായത്തോടെ പെരിയാർ ടൈഗർ റിസർവ്വ്, പറമ്പിക്കുളം ടൈഗർ റിസർവ്വ് എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• കാട്ടാനകളുടെ സംരക്ഷണാർത്ഥം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്റ്റ് എലിഫന്റ് പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിങ്ങനെ 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) പ്രസ്തുത നടപടികൾക്കായി വനംവകുപ്പ് അതിർത്തി പങ്കിടുന്ന ഇതര സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് വന്യജീവി സംരക്ഷണാർത്ഥമുള്ള പ്രവർത്തനങ്ങൾ സമീപ സംസ്ഥാനങ്ങളിലെ വനം വകുപ്പുമായി ഏകോപിപ്പിച്ചാണ് നടത്തുന്നത്. കൂടാതെ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ എന്നിവയുടെ സാങ്കേതിക സഹായവും കേരള വനം വകുപ്പ് ഉപയോഗിച്ചു വരുന്നു. |

| | |
|---|---|
| (സി) വനമേഖലവിട്ട് വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വന്യജീവികളെ സംരക്ഷിച്ച് വനത്തിൽ തിരിച്ചെത്തിക്കാനും വന്യമൃഗഭീഷണി തടയുവാനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനമേഖല വിട്ട് നാട്ടിലെത്തുന്ന വന്യജീവികളെ സംരക്ഷിച്ച് വനത്തിൽ തിരിച്ചെത്തിക്കാനും വന്യമൃഗ ഭീഷണി തടയുവാനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>2. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>3. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽ-മെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>4. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>5. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ. |
| (ഡ) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ വന്യമൃഗ ആക്രമണം മൂലമുണ്ടായ മരണം, കൃഷിനാശം എന്നിവ സംബന്ധിച്ച വിശദാംശവും പ്രസ്തുത വിഭാഗങ്ങൾക്ക് ലഭ്യമാക്കിയ സഹായവും എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാടിറങ്ങി വരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാന-ത്താകമാനം 628 പേർ മരണപ്പെട്ടിട്ടുണ്ട്. 1793 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 18.50 കോടി രൂപയുടെ കൃഷിയും, കന്നുകാലികളും, വീടും ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കു പറ്റിയവർക്കും, കൃഷിയും മറ്റു വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ആകെ 30.38 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.<br>ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിൽ നാളിതുവരെ 54 പേരും, പാമ്പുകടിയേറ്റ് 171 പേരും മരണപ്പെട്ടിട്ടുണ്ട് (ആകെ 225). 1453 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. കൃഷിയും വീടും മറ്റു വസ്തുവകകളുടെ നാശം ഉൾപ്പെടെ നാളിതുവരെ 9053 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്ക് പറ്റിയവർ, കൃഷിയും മറ്റു വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർ എന്നിവർക്ക് നാളിതുവരെ 12.98 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ